# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ആഗസ്റ്റ് 25 ചൊവ്വ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലയിൽ 227 പേർക്ക് കൂടി കോവിഡ്; 90 പേർക്ക് രോഗമുക്തി

ജില്ലയിൽ ചൊവ്വാഴ്ച (ആഗസ്റ്റ് 25) 227 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 90 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1077 ആണ്. തൃശൂർ സ്വദേശികളായ 50 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 3450 ആണ്. ഇതുവരെ രോഗമുക്തരായത് 2338 പേർ.

രോഗം സ്ഥിരീകരിച്ചവരിൽ 223 പേരും സമ്പർക്കം വഴി കോവിഡ് പോസിറ്റീവ് ആയവരാണ്. ഇതിൽ 17 പേരുടെ രോഗഉറവിടമറിയില്ല. അമല ക്ലസ്റ്റർ 9, ചാലക്കുടി ക്ലസ്റ്റർ 11, ഇരിങ്ങാലക്കുട ക്ലസ്റ്റർ 4, വാടാനപ്പള്ളി ജനത ക്ലസ്റ്റർ 28, അംബേദ്കർ കോളനി ക്ലസ്റ്റർ 01, ശക്തൻ ക്ലസ്റ്റർ 2, ദയ ക്ലസ്റ്റർ 4 ആരോഗ്യപ്രവർത്തകർ ഉൾപ്പെടെ 5, സ്വകാര്യ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകർ 2, മറ്റ് സമ്പർക്കം 144 , മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ 2, വിദേശത്ത് നിന്ന് തിരിച്ചെത്തിയവർ 2 എന്നിങ്ങനെയാണ് രോഗസ്ഥിരീകരണത്തിന്റെ കണക്ക്.

**രോഗം സ്ഥീരികരിച്ച് തൃശൂർ ഗവ. മെഡിക്കൽ കോളജിലും മറ്റ് ആശുപത്രികളിലും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകളിലുമായി കഴിയുന്നവർ. ചൊവ്വാഴ്ചയിലെ കണക്ക്:**

ഗവ. മെഡിക്കൽ കോളേജ് തൃശ്ശൂർ - 70, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ -നെഞ്ചുരോഗാശുപത്രി മുളങ്കുന്നത്തുകാവ്- 50, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ്-43, ജി. എച്ച് തൃശ്ശൂർ-15, കൊടുങ്ങലൂർ താലൂക്ക് ആശുപത്രി - 21, കില ബ്ലോക്ക് 1 തൃശ്ശൂർ-77, കില ബ്ലോക്ക് 2 തൃശ്ശൂർ- 58, വിദ്യ സി.എഫ്.എൽ.ടി.സി ബ്ലോക്ക് 1 വേലൂർ-145, വിദ്യ സി.എഫ്.എൽ. ടി.സി ബ്ലോക്ക് 2 വേലൂർ-131, എം. എം. എം. കോവിഡ് കെയർ സെന്റർ തൃശ്ശൂർ-35, ചാവക്കാട് താലൂക്ക് ആശുപത്രി -17, ചാലക്കുടി താലൂക്ക് ആശുപത്രി -11, സി.എഫ്.എൽ.ടി.സി കൊരട്ടി - 50, കുന്നംകുളം താലൂക്ക് ആശുപത്രി -12, ജി.എച്ച് . ഇരിങ്ങാലക്കുട - 9, ഡി .എച്ച്. വടക്കാഞ്ചേരി - 7, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് തൃശ്ശൂർ -11, അമല ഹോസ്പിറ്റൽ തൃശ്ശൂർ - 76, എലൈറ്റ് ഹോസ്പിറ്റൽ തൃശ്ശൂർ -1, ഹോം ഐസോലേഷൻ - 11.

നിരീക്ഷണത്തിൽ കഴിയുന്ന 9365 പേരിൽ 8317 പേർ വീടുകളിലും 1048 പേർ ആശുപത്രിക ളിലുമാണ്. കോവിഡ് സംശയിച്ച് 129 പേരേയാണ് ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 790 പേരെ ചൊവ്വാഴ്ച (ആഗസ്റ്റ് 25) നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 627 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

ചൊവ്വാഴ്ച (ആഗസ്റ്റ് 25) 2129 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 73722 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 72772 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 980 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 11437 പേരുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ചൊവ്വാഴ്ച (ആഗസ്റ്റ് 25) 403 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നിട്ടുള ളത്. 90 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

ചൊവ്വാഴ്ച (ആഗസ്റ്റ് 25) റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 490 പേരെ ആകെ സ്ക്രീൻ ചെയ്തിട്ടുണ്ട്.

## ലുലു സി.എഫ്.എൽ.ടി.സി ഇന്ന് (ആഗസ്റ്റ് 26) തുറക്കും; 1400 രോഗികൾക്ക് ചികിത്സാ സൗകര്യം

നാട്ടികയിൽ ലുലു കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആഗസ്റ്റ് 26 വൈകീട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫെറൻസിലൂടെ ഉദ്ഘാടനം ചെയ്യും. 1400 ബെഡുകൾ സി എഫ് എൽ ടി സി യിൽ ഒരുക്കിയിട്ടുണ്ട്. കുടിവെള്ള സൗകര്യം, വാട്ടർ ഫിൽറ്റർ, ഹോട്ട് വാട്ടർ സൗകര്യം, വാഷിങ് മെഷിൻസ്, ബാത്ത് -ടോയലറ്റ്സ്, മാലിന്യ സംസ ്കരണ സംവിധാനം, ടിവി, വൈഫൈ എന്നിവയും സെന്ററിൽ ഒരുക്കി. വിനോദത്തിനായി റിക്രിയേഷൻ ക്ലബ്, കാരംസ്, ആമ്പൽക്കുളം, ഉദ്യാനം എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.

തൃശൂർ ഗവ. എൻജിനീയറിങ് കോളജ് ഇലക്ട്രോണിക്സ് വിഭാഗം വിദ്യാർഥികൾ നിർമ്മിച്ച ഇ-ബൈക്കിലാണ് ഭക്ഷണ വിതരണം നടത്തുക. രോഗികളുടെ മാനസിക പിരിമുറുക്കം ഒഴിവാക്കാൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കും. 60 ഡോക്ടർമാരുടെയും 100 നഴ്സ്മാരുടേയും സേവനം സി.എഫ്.എൽ.ടിസിയിൽ ഉണ്ടാകും. പരിശീലനം ലഭിച്ച 200 വളന്റിയർമാരും സേവനത്തിനുണ്ടാകും. നാട്ടിക സിഎഫ്എൽടിസി ജില്ലാ ഭരണകേന്ദ്രത്തിന്റെ വലിയ നേട്ടമാണെന്ന് കളക്ടർ എസ് ഷാനവാസ് പറഞ്ഞു. 24 മണിക്കൂറും പ്രവർത്തനസജ്ജമായ 4 ആംബുലൻസ്, രോഗികളെ അത്യവശ്യ ഘട്ടത്തിൽ മെഡിക്കൽ കോളേജിലേക്ക് എത്തിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. 10 ബഡുകളോടുകൂടിയ ഐസിയും സജ്ജാ മാക്കി. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളുടെ സഹയാവും സഹകരണവും ഡി എഫ് എൽടിസി പ്രവർത്തനങ്ങൾക്ക് നൽകുന്നുണ്ട്

ഉദ്ഘാടന ചടങ്ങിൽ മന്ത്രി കെ.കെ ഷൈലജ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ എ.സി മൊയ്തീൻ, പ്രഫ. സി. രവീന്ദ്രനാഥ് , ചീഫ് വിപ്പ് കെ.രാജൻ, ടി.എൻ പ്രതാപൻ എം.പി,ഗീതഗോപി എം എൽ എ, എം.പിമാർ, എം എൽ എ മാർ 'ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ എസ് ഷാനവാസ് എന്നിവർ പങ്കെടുക്കും.

***ഫോട്ടോ അടിക്കുറിപ്പ്: ഇന്ന് പ്രവർത്തനം തുടങ്ങുന്ന നാട്ടിക കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ***

## ലൈഫ് മിഷൻ: കൊടുങ്ങല്ലൂരിൽ ആയിരം വീടുകളുടെ നിർമാണ പൂർത്തീകരണ പ്രഖ്യാപനം നാളെ(ആഗസ്റ്റ് 27)

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ പി.എം.എ.വൈ. - ലൈഫ് പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് നിർമ്മിച്ച് നൽകുന്ന 1000 വീടുകളുടെ നിർമ്മാണ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ (ആഗസ്റ്റ് 27) രാവിലെ 11.30ന് ഓൺലൈനായി നിർവ്വഹിക്കും. തദ്ദേശഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ അദ്ധ്യക്ഷത വഹിക്കും. അഡ്വ വി ആർ സുനിൽകുമാർ എം എൽ എ, ബെന്നി ബഹനാൻ എംപി. കുടുംബശ്രീ മിഷൻ കോ-ഓഡിനേറ്റർ ഹരി കിഷോർ, ജില്ലാ കളക്റ്റർ എസ് ഷാനവാസ് എന്നിവർ പങ്കെടുക്കും.

2019ൽ ലൈഫ് മിഷന്റെ ഭാഗമായി ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ചു നൽകിയ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് ലഭിച്ചിരുന്നു. സർക്കാരിന്റെ പല പദ്ധതികളിലായി നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാതിരുന്ന വീടുകളിൽ

നൂറ് ശതമാനം പൂർത്തീകരിച്ചതിനും അവാർഡ് ലഭിച്ചിരുന്നു. കൂടാതെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴി ഭവനനിർമ്മാണത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകിയ സംസ്ഥാനത്തെ ഒന്നാമത്തെ തദ്ദേശഭരണ സ്ഥാപനമായും നഗരസഭയെ തെരഞ്ഞെടുത്തിരുന്നു.

സർക്കാർ ധനസഹായത്തിന് പുറമെ 3.54 കോടി രൂപ നഗരസഭ ബാങ്ക് വായ്പ എടുത്താണ് പണി പൂർത്തീകരിച്ചത്. പദ്ധതിയിൽ ഉൾപ്പെട്ട ശേഷിക്കുന്ന 127 വീടുകളുടെ പണിയും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

## മുസിരിസ് പൈതൃക പദ്ധതി: കൊടുങ്ങല്ലൂർ ക്ഷേത്രം മ്യൂസിയത്തിനും ബോട്ട് ജെട്ടി നിർമ്മാണത്തിനും സർക്കാർ 3.19 കോടി രൂപ അനുവദിച്ചു

മുസിരിസ് പൈതൃക പദ്ധതിക്ക് വീണ്ടും സംസ്ഥാന സർക്കാരിന്റെ ധനസഹായം. മുസ്രിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കൊടുങ്ങല്ലൂർ ശ്രീകുരുമ്പ ഭഗവതി ക്ഷേത്ര മ്യൂസിയത്തിന്റെ വികസനത്തിനും ബോട്ടുജെട്ടികളുടെ നിർമ്മാണത്തിനും 3.19 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിരിക്കുന്നത്. മൾട്ടിപർപ്പസ് യൂട്ടിലിറ്റി കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടിയാണ് 1,88,38,000 രൂപ അനുവദിച്ചത്. മീറ്റിംഗ് ഹാൾ, താമസസൗകര്യങ്ങൾ, ക്യാഷ് കൗണ്ടിംഗ് റൂം, സ്റ്റോറേജ് റൂം, സ്ട്രോങ്ങ് റൂം തുടങ്ങിയവ അടങ്ങിയതാണ് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്ര പരിസരത്ത് നിർമ്മിക്കുന്ന മൾട്ടിപർപ്പസ് യൂട്ടിലിറ്റി കോംപ്ലെക്സ്.

വിവിധ ബോട്ടു ജെട്ടികളുടെ നിർമ്മാണത്തിനായി 1.31 കോടിയും മുസിരിസ് പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്. ഇതിൽ 73 ലക്ഷം അഴീക്കോട് മുസിരിസ് മുനയ്ക്കൽ ബീച്ച് ബോട്ട് ജെട്ടിയുടെ നിർമാണത്തിനും, 58 ലക്ഷം മതിലകം ബംഗ്ലാവ് കടവ് ബോട്ട് ജെട്ടി നിർമ്മാണത്തിനുമാണ്.

സംസ്ഥാന സർക്കാരിന്റെ 2016-ലെ ബജറ്റിൽ ഉൾപ്പെടുത്തിയാണ് മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടികളാരംഭിച്ചത്. 2019 മാർച്ച് മൂന്നിന് ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ മ്യൂസിയത്തിന് തറക്കല്ലിട്ടു. 3.23 കോടി രൂപ ചെലവഴിച്ചാണ് മ്യൂസിയം പണി പുരോഗമിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള കച്ചേരിപ്പുരയാണ് ക്ഷേത്രമ്യൂസിയമായി രൂപാന്തരം പ്രാപിക്കുന്നത്. ക്ഷേത്രത്തിലെ വഴിപാടുസാധനങ്ങൾ സൂക്ഷിച്ചിരുന്ന കച്ചേരിപ്പുരയുടെ തനിമ നിലനിർത്തി കേരളീയവാസ്തുശിൽപ്പകലാ മാതൃകയിലാണ് നിർമ്മാണം. ക്ഷേത്രകലകളും ആചാരാനുഷ്ഠാനുങ്ങളും ഉൾക്കൊള്ളിച്ച്, ക്ഷേത്രം വകയായുള്ള പൗരാണിക ഊട്ടുപുര, നിലവറ, അനുബന്ധ കെട്ടിടങ്ങൾ എന്നിവ നവീകരിച്ച് ക്ഷേത്രത്തെ ഏൽപ്പിച്ചാണ് നിർമ്മാണം. കെട്ടിടങ്ങളുടെ പൗരാണികത ഒട്ടും ചോരാതെ ശാസ്ത്രീയമായ രീതിയിലാണ് നവീകരണപ്രവർത്തനങ്ങൾ

ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളുടെ ചരിത്രവും ആചാരവും ആരാധനാസമ്പ്രദായങ്ങളും ഐതിഹ്യങ്ങളും ചിത്രങ്ങളുമെല്ലാം ഡിജിറ്റൽ സംവിധാനത്തോടെ മ്യൂസിയത്തിൽ പ്രദർശിപ്പിക്കും. ക്ഷേത്രകലകളെക്കുറിച്ചറിയാൻ പ്രത്യേക സംവിധാനവും ഉണ്ടാകും. മ്യൂസിയത്തിലെത്തുന്ന ചരിത്രവിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ പുരാതനക്ഷേത്രങ്ങളെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനുമുള്ള സൗകര്യങ്ങളും മ്യൂസിയത്തിൽ ഉണ്ടാകും. ഒന്നര വർഷമാണ് നിർമ്മാണകാലാവധി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇൻകൽ കമ്പനിക്കാണ് നിർമ്മാണച്ചുമതല. ക്ഷേത്ര വികസനത്തിന്റെ ഭാഗമായുള്ള എല്ലാ പ്രവർത്തികൾക്കും കൊച്ചിൻ ദേവസ്വം ബോർഡിന്റെ പൂർണ്ണ പിന്തുണയും സഹകരണവും ദേവസ്വം ബോർഡ് പ്രസിഡൻറ് എ ബി മോഹനൻ ഉറപ്പുനൽകിയതായി മുസിരിസ് പൈതൃക പദ്ധതി മാനേജിംഗ് ഡയറക്ടർ പി എം നൗഷാദ് അറിയിച്ചു.

## കാലാവധി കഴിഞ്ഞ നാഷ്ണൽ സേവിങ്സ് സർട്ടിഫിക്കറ്റുകൾ റിലീസ് ചെയ്യുന്നു

ദേശീയ സമ്പാദ്യ പദ്ധതി ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എംപികെബിവൈ/എസ്എഎസ് ഏജന്റുമാരുടെ കാലാവധി കഴിഞ്ഞ നാഷ്ണൽ സേവിങ്സ് സർട്ടിഫിക്കറ്റുകൾ റിലീസ് ചെയ്ത് തീർപ്പാക്കുന്നു. ബന്ധപ്പെട്ട രേഖകളും തിരിച്ചറിയൽ

രേഖകളുമായി അപേക്ഷ നൽകി ഒരു മാസത്തിനകം തിരികെ കൈപ്പറ്റണം. വൈകിയാൽ സർട്ടിഫിക്കറ്റുകൾ സർക്കാരിലേക്ക് കണ്ട് കെട്ടും. വിശദ വിവരങ്ങൾക്ക് കളക്റ്ററേറ്റിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 0487 2361566.

## അമ്മമാർക്ക് ഓണസമ്മാനമൊരുക്കി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കുന്ന 'അമ്മമാർക്ക് ഓരോണ സമ്മാനം' പദ്ധതിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.തങ്കമ്മ നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പകൽ വീട്ടിലെ അമ്മമാർക്കാണ് ഓണ സമ്മാനപ്പൊതി വീടുകളിൽ എത്തിച്ചു നൽകിയത്. കോവിഡ് 19 സാഹചര്യത്തിൽ പകൽ വീട്ടിൽ അന്തേവാസികളായവരെല്ലാം സ്വന്തം വീടുകളിൽ തന്നെയാണ്. 60 വയസ്സിന് മുകളിലുള്ളവരായതിനാൽ ഒത്തുചേരൽ വേണ്ടെന്നുവെച്ചാണ് വീടുകളിലേക്ക് ഓണസമ്മാനം എത്തിച്ചു നൽകിയത്. ഉദ്ഘാടന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.പത്മകുമാർ അദ്ധ്യക്ഷനായി. വനിതാ ശിശു വികസന ഓഫീസർ എ.സരസ്വതി അമ്മമാർക്കുള്ള ഓണസമ്മാനപൊതി ഏറ്റുവാങ്ങി.

## പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ജനകീയ ഹോട്ടൽ ആരംഭിച്ചു

പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ജനകീയ ഹോട്ടൽ ആരംഭിച്ചു. പുതിയ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ച ഇ.കെ. നായനാർ സ്മാരക മന്ദിരം കെട്ടിടത്തിലാണ് കുടുംബശ്രീ ജനകീയ ഹോട്ടൽ ആരംഭിച്ചത്. ജനകീയ ഹോട്ടലിന്റെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊ സി.രവീന്ദ്രനാഥ് ഓൺലൈനായി നിർവ്വഹിച്ചു. വനിതാ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി 31,39,047 രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്. 2019-20 വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ലക്ഷം രൂപ ചിലവിട്ട് ഹോട്ടലിലേക്കാവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിനും ഇതിനോടകം നടപടിയായിട്ടുണ്ട്. നാല് സി ഡി എസ് അംഗങ്ങളാണ് ജനകീയ ഹോട്ടലിൽ പ്രവർത്തിക്കുക. ഒരേ സമയം 25 ഓളം ആളുകൾക്ക് ഭക്ഷണം കഴിക്കുവാനുള്ള സൗകര്യമുള്ളതാണ് ഹോട്ടൽ. 20 രൂപ ഉച്ചയൂണിനും പാഴ്സൽ ലഭിക്കുന്നതിന് 25 രൂപയുമാണ് ഈടാക്കുക. രാവിലെ 10 മുതൽ വൈകീട്ട് നാല് മണി വരെയാണ് ജനകീയ ഹോട്ടൽ പ്രവർത്തിക്കുക.

കെട്ടിടത്തിൽ ജനകീയ ഹോട്ടലിന് പുറമെ പഞ്ചായത്ത് മെമ്പർമാർക്കുള്ള ഓഫീസ് മുറി സൗകര്യങ്ങളുമുണ്ട്. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാർത്തിക ജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ഡി നെൽസൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ പ്രീത സജീവൻ, റീന ഫ്രാൻസീസ്, പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ആരംഭിച്ച ജനകീയ ഹോട്ടൽ***

## കൃഷിവകുപ്പിന്റെ ഓണവിപണി- 2020 ജില്ലാതല ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 26)

കൃഷി വകുപ്പിന്റെ ഓണവിപണി 2020 ന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 26) വൈകീട്ട് അഞ്ചുമണിക്ക് തേക്കിൻകാട് മൈതാനം തെക്കേ ഗോപുരനടയിൽ ചീഫ് വിപ്പ് അഡ്വ കെ രാജൻ നിർവ്വഹിക്കും. കോർപ്പറേഷൻ മേയർ അജിത ജയരാജൻ അധ്യക്ഷത വഹിക്കും. ടി എൻ പ്രതാപൻ എം പി മുഖ്യാതിഥിയാകുന്ന ചടങ്ങിൽ ആദ്യവില്പന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവ്വഹിക്കും. ഓണവിപണി ഓഗസ്റ്റ് 30 വരെ നീണ്ടു നിൽക്കും.

ഓണക്കാലത്ത് പച്ചക്കറി കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ആശ്വാസം പകരുന്നതിനായി ജില്ലയിൽ കൃഷി വകുപ്പ് 125 ഓണവിപണികളാണ് ഒരുക്കുന്നത്. കർഷകർ ഉൽപാദിപ്പിക്കുന്ന നാടൻ പച്ചക്കറികൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിച്ച് 30% വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. ഉത്തമ കൃഷിരീതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന

ഗ്യാപ്പ് പച്ചക്കറികൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിച്ച് പൊതുവിപണിയേക്കാൾ 10 ശതമാനം വിലക്കുറവിൽ വില്പന നടത്തുകയും ചെയ്യും. ജില്ലയിലെ ഭൗമ സൂചിക പദവി നേടിയ ചെങ്ങാലിക്കോടൻ വാഴപ്പഴത്തിന് തേക്കിൻകാട് മൈതാനിയിൽ പ്രത്യേക വില്പനകേന്ദ്രം സജ്ജീകരിക്കും. മറയൂർ ശർക്കര, വട്ടവട കാന്തല്ലൂർ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ എന്നിവയും കേന്ദ്രങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കും. ഗുരുവായൂർ, മണ്ണുത്തി, ഇരിഞ്ഞാലക്കുട എന്നീ കേന്ദ്രങ്ങളിൽ പച്ചക്കറികൾ സംഭരിച്ച് 125 പ്രാദേശിക കേന്ദ്രങ്ങളിലൂടെ ഓണ വിപണിയിൽ എത്തിക്കും. കോവിഡ് വ്യാപനത്തിനെതിരെ എല്ലാ മുൻകരുതലുകളുമെടുത്താണ് വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുക. സാമൂഹിക അകലം പാലിച്ചും, മാസ്ക്, ഷീൽഡ്, ഗ്ലൗസ്, സാനിറ്റൈസർ തുടങ്ങിയവ നിർബന്ധമാക്കി മാത്രമേ ചന്തകൾ പ്രവർത്തിക്കൂ. ജനത്തിരക്ക് ഒഴിവാക്കാൻ പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുന്ന സംവിധാനവും ഒരുക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ മിനി കെ എസ് അറിയിച്ചു.

## പറപ്പൂക്കരയിൽ കർഷക സഹായ ഉൽപന്നങ്ങൾക്ക് ഇക്കോ ഷോപ്പ്

പറപ്പൂക്കര പഞ്ചായത്തിൽ കർഷക സഹായ ഉൽപന്നങ്ങളും ഉപകരണങ്ങളും വിൽപ്പന നടത്തുന്നതിന് ഇക്കോ ഷോപ്പ് പ്രവർത്തനമാരംഭിച്ചു. പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പഴയ കെട്ടിടത്തിന് സമീപം നന്തിക്കര സെന്ററിനോട് ചേർന്ന് ദേശീയ പാതയോരത്താണ് ഇക്കോ ഷോപ്പ് പ്രവർത്തനമാരംഭിച്ചത്. 2018-19 ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1,77,000 രൂപ ചിലവഴിച്ച് ഇക്കോ ഷോപ്പ് കെട്ടിടം പണിയും കൃഷി വകുപ്പിൽ നിന്നും അനുവദിച്ച മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് വൈദ്യുതീകരണ ജോലികൾ ഉൾപ്പെടെയുള്ള ഇക്കോ ഷോപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളുമാണ് പൂർത്തീകരിച്ചത്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഏഴ് പേരടങ്ങുന്ന കമ്മിറ്റിയാണ് നിലവിൽ ഇക്കോ ഷോപ്പിന് നേതൃത്വം നൽകുന്നത്. ഫ്യൂഡോ മൊണോക്സ്, ട്രൈക്കോഡർമ, വെർട്ടിഫീലിയം തുടങ്ങിയ ജീവാണുവളങ്ങളും, ജൈവ കീടനാശിനികൾ, ജൈവവളം, ഗ്രോബാഗുകൾ തുടങ്ങിയ കാർഷിക സഹായ ഉത്പന്നങ്ങളും ഗ്രോബാഗ്, ചെടിച്ചട്ടികൾ, വെട്ടുകത്തി, കൈക്കോട്ട്, ഗാർഡനിംഗ് ഉപകരണങ്ങൾ തുടങ്ങി ചെറിയ തരം കാർഷിക ഉപകരണങ്ങളുമാണ് വിൽപ്പന നടത്തുന്നത്. ഇവയ്ക്ക് പുറമെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്നും ശേഖരിച്ച നാടൻ പച്ചക്കറികളും, പച്ചക്കറി വിത്തുകളും ഇക്കോ ഷോപ്പിൽ നിന്നും ലഭ്യമാണ്.

ഇക്കോ ഷോപ്പിന്റെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഓൺലൈനിലൂടെ നിർവ്വഹിച്ചു. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാർത്തിക ജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ഡി നെൽസൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ പ്രീത സജീവൻ, റീന ഫ്രാൻസീസ്, പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: പറപ്പൂക്കരയിൽ പ്രവർത്തസജ്ജമായ ഇക്കോ ഷോപ്പ്***

## കെഎൽഎഫ്, കെഎസ്ഇ മൂന്ന് ഷിഫ്റ്റുകൾ പ്രവർത്തിക്കാം

ഇരിങ്ങാലക്കുട കെഎസ്ഇ, കെഎൽഎഫ് എന്നീ സ്ഥാപനങ്ങൾ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മൂന്ന് ഷിഫ്റ്റുകളായി പ്രവർത്തിപ്പിക്കാൻ അനുമതി നൽകി. ഓരോ ഷിഫ്റ്റിനു ശേഷവും കമ്പനിയും പരിസരവും അണുവിമുക്തമാക്കണം. ഓരോ ഷിഫ്റ്റിലേയും ജീവനക്കാർ തമ്മിൽ സമ്പർക്കമുണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ ജീവനക്കാരുമായി അടുത്ത് ഇടപഴകരുത്. ബ്രേക്ക് ദ ചെയിൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. ആരോഗ്യവകുപ്പ്, നഗരസഭ, പോലീസ് വകുപ്പുകളുടെ പരിശോധനയും ഉണ്ടാകാവും. നിർദ്ദേശങ്ങൾ ലംഘിച്ചാൽ പ്രവർത്തനാനുമതി പിൻവലിക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ ഉത്തരവിൽ വ്യക്തമാക്കി.

# ഓണ വിപണിയിലെ സർക്കാർ ഇടപെടൽ
# വിലക്കയറ്റത്തെ പിടിച്ചു നിർത്തുന്നു: മന്ത്രി പി. തിലോത്തമൻ

ഓണ വിപണിയിയിലെ സർക്കാരിന്റെ ഇടപെടൽ വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ സഹായിച്ചെന്ന് ഭക്ഷ്യ-പൊതു വിതരണ വകുപ്പ് മന്ത്രി പി തിലോത്തമൻ പറഞ്ഞു. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ആദ്യത്തെ സപ്ലൈകോ മാവേലി സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം പൊയ്യ പഞ്ചായത്തിലെ പൂപ്പത്തിയിൽ വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഓൺലൈൻ മാർക്കറ്റിങ് സംവിധാനത്തിലൂടെ സാധനങ്ങൾ വീടുകളെത്തിക്കുന്ന പദ്ധതി സപ്ലൈകോ നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പ്രതികൂല സാഹചര്യത്തിലും അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് വില വർദ്ധിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രഖ്യാപിച്ചതുപോലെ 14 അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല.

വി.ആർ.സുനിൽകുമാർ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ.കേശവൻകുട്ടി മുഖ്യാതിഥിയായി. പൊയ്യ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിജി വിനോദ് ആദ്യ വിൽപ്പന നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് സിബി ഫ്രാൻസിസ്, സ്ഥിരം സമിതി അദ്ധ്യക്ഷയായ സരോജ വേണുശങ്കർ, ഹെൻസി ഷാജു, പി.എം.അയ്യപ്പൻകുട്ടി, ബ്ലോക്ക് പഞ്ചായത്ത് അംഗം സോനാ കെ.കരീം, ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് തുടങ്ങിയവർ പങ്കെടുത്തു. രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണി വരെയും ഉച്ചക്ക് 2.30 മുതൽ രാത്രി 7 വരെയുമാണ് സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം. കൊറോണ കാലത്തു രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയായി പ്രവർത്തന സമയം ക്രമീകരിച്ചിട്ടുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ് : പൊയ്യ പൂപ്പത്തിയിലെ മാവേലി സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടന ചടങ്ങ്***

# ജില്ലയിലെ പോസിറ്റീവ് കേസുകൾ

1. സമ്പർക്കം- വരന്തരപ്പിള്ളി - 7 ആൺകുട്ടി
2. സമ്പർക്കം- വരന്തരപ്പിള്ളി - 41 പുരുഷൻ.
3. സമ്പർക്കം- ഇരിഞ്ഞാലക്കുട - 50 പുരുഷൻ.
4. സമ്പർക്കം- പാഞ്ഞാൾ - 37 പുരുഷൻ.
5. സമ്പർക്കം- വരന്തരപ്പിള്ളി - 68 സ്ത്രീ
6. സമ്പർക്കം- എളവള്ളി - 83 സ്ത്രീ
7. സമ്പർക്കം- പൊയ്യ - 40 പുരുഷൻ
8. സമ്പർക്കം- വേളൂക്കര - 14 പെൺകുട്ടി
9. സമ്പർക്കം- വേളൂക്കര - 54 പുരുഷൻ
10. സമ്പർക്കം- വേളൂക്കര - 9 ആൺകുട്ടി
11. സമ്പർക്കം- വടക്കാഞ്ചേരി - 6 മാസം ആൺകുട്ടി.
12. സമ്പർക്കം- വടക്കാഞ്ചേരി - 24 സ്ത്രീ
13. സമ്പർക്കം- വടക്കാഞ്ചേരി - 41 പുരുഷൻ
14. സമ്പർക്കം- വടക്കാഞ്ചേരി - 13 പെൺകുട്ടി
15. സമ്പർക്കം- വടക്കാഞ്ചേരി - 33 സ്ത്രീ
16. സമ്പർക്കം- വടക്കാഞ്ചേരി - 11 പെൺകുട്ടി
17. സമ്പർക്കം- വടക്കാഞ്ചേരി - 48 പുരുഷൻ.
18. സമ്പർക്കം- വടാനപ്പിള്ളി - 40 സ്ത്രീ
19. സമ്പർക്കം- പാഞ്ഞാൾ - 41 പുരുഷൻ
20. സമ്പർക്കം- മണലൂർ - 51 സ്ത്രീ
21. സമ്പർക്കം- കുന്ദംകുളം - 30 സ്ത്രീ.
22. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 1 ആൺകുട്ടി.
23. സമ്പർക്കം- മണലൂർ - 43 സ്ത്രീ.
24. സമ്പർക്കം- കടങ്ങോട്- 18 പെൺകുട്ടി
25. സമ്പർക്കം- കടങ്ങോട്- 25 സ്ത്രീ.
26. സമ്പർക്കം- കടങ്ങോട്- 29 പുരുഷൻ.

27.സമ്പർക്കം- കടങ്ങോട്- 59 സ്ത്രീ.
28.സമ്പർക്കം- കടങ്ങോട്- 3 ആൺകുട്ടി
29.സമ്പർക്കം- കടങ്ങോട്- 29 സ്ത്രീ.
30.സമ്പർക്കം- കടങ്ങോട്- 55 സ്ത്രീ
31.സമ്പർക്കം- കടങ്ങോട്- 39 സ്ത്രീ.
32.സമ്പർക്കം- വടക്കേക്കാട്- 30പുരുഷൻ.
33.സമ്പർക്കം- ഗുരുവായൂർ -23 പുരുഷൻ.
34.സമ്പർക്കം- പുന്നയൂർക്കുളം - 39 പുരുഷൻ.
35.സമ്പർക്കം- കടങ്ങോട്- 35 പുരുഷൻ.
36.സമ്പർക്കം- പുത്തൂർ - 70 സ്ത്രീ.
37.സമ്പർക്കം- കാടുകുറ്റി - 37 പുരുഷൻ
38.സമ്പർക്കം-അന്നമനട - - 37 പുരുഷൻ
39.സമ്പർക്കം- പുത്തൂർ - 23 സ്ത്രീ
40.സമ്പർക്കം- പുത്തൂർ - 33 പുരുഷൻ
41.സമ്പർക്കം- പുത്തൂർ - 60 പരുഷൻ
42.സമ്പർക്കം- കുന്ദംകുളം - 16 പെൺകുട്ടി.
43.സമ്പർക്കം- ഗുരുവായൂർ - 4 ആൺകുട്ടി
44.സമ്പർക്കം- ഗുരുവായൂർ - 6 ആൺകുട്ടി
45.സമ്പർക്കം- ഗുരുവായൂർ - 31 സ്ത്രീ
46.സമ്പർക്കം- ഗുരുവായൂർ - 60 സ്ത്രീ.
47.സമ്പർക്കം- ഗുരുവായൂർ - 65 പുരുഷൻ.
48.സമ്പർക്കം- ഏറിയാട് - 47 പുരുഷൻ.
49.സമ്പർക്കം- വടക്കാഞ്ചേരി - 40 പുരുഷൻ.
50.സമ്പർക്കം- വടാനപ്പിള്ളി - 29 പുരുഷൻ.
51.സമ്പർക്കം- ചാലക്കുടി - 43 പുരുഷൻ.
52.സമ്പർക്കം- വടക്കാഞ്ചേരി - 3 ആൺകുട്ടി.
53.സമ്പർക്കം- പാറളം - 35 പുരുഷൻ.
54.സമ്പർക്കം- തൃശ്ശൂർ - 59 പുരുഷൻ.
55.സമ്പർക്കം- പുത്തൂർ - 13 ആൺകുട്ടി.
56.സമ്പർക്കം- പുത്തൂർ - 33 സ്ത്രീ
57.സമ്പർക്കം- പുത്തൂർ - 11 പെൺകുട്ടി
58.സമ്പർക്കം- പുത്തൂർ - 40 പുരുഷൻ
59.സമ്പർക്കം- പുത്തൂർ - 23 സ്ത്രീ
60.സമ്പർക്കം- പുത്തൂർ - 4 പെൺകുട്ടി
61.സമ്പർക്കം- പുത്തൂർ - 2 ആൺകുട്ടി
62.സമ്പർക്കം- പുത്തൂർ - 28 പുരുഷൻ
63.സമ്പർക്കം- വരന്തരപ്പിള്ളി - 52 പുരുഷൻ
64.സമ്പർക്കം- വരന്തരപ്പിള്ളി - 48 സ്ത്രീ
65.സമ്പർക്കം- മാള - 41 സ്ത്രീ
66.സമ്പർക്കം- വലപ്പാട് - 13 പെൺകുട്ടി
67.സമ്പർക്കം- വലപ്പാട് - 43 പുരുഷൻ.
68.സമ്പർക്കം- പറപ്പൂക്കര - 42 സ്ത്രീ.
69.സമ്പർക്കം- വരന്തരപ്പിള്ളി - 38 സ്ത്രീ
70.സമ്പർക്കം- വരന്തരപ്പിള്ളി - 45 പരുഷൻ
71.സമ്പർക്കം- കാട്ടൂർ - 19 പെൺകുട്ടി
72.സമ്പർക്കം- കാട്ടൂർ - 11 പെൺകുട്ടി
73.സമ്പർക്കം- കാട്ടൂർ - 13 പെൺകുട്ടി
74.സമ്പർക്കം- കാട്ടൂർ - 17 പെൺകുട്ടി
75.സമ്പർക്കം- കാട്ടൂർ - 43 സ്ത്രീ

76.സമ്പർക്കം- വരന്തരപ്പിള്ളി - 70 സ്ത്രീ
77.സമ്പർക്കം- മറ്റത്തൂർ - 15 ആൺകുട്ടി
78.സമ്പർക്കം- മറ്റത്തൂർ - 19 പെൺകുട്ടി
79.സമ്പർക്കം- മറ്റത്തൂർ - 46 സ്ത്രീ.
80.സമ്പർക്കം- തൃക്കൂർ - 6 ആൺകുട്ടി..
81.സമ്പർക്കം- തൃക്കൂർ - 32 പുരുഷൻ .
82.സമ്പർക്കം- പറപ്പൂക്കര - 7 പെൺകുട്ടി.
83.സമ്പർക്കം- പറപ്പൂക്കര - 13 ആൺകുട്ടി
84.സമ്പർക്കം- പറപ്പൂക്കര - 36 സ്ത്രീ.
85.സമ്പർക്കം- പറപ്പൂക്കര - 64 സ്ത്രീ.
86.സമ്പർക്കം- പറപ്പൂക്കര - 67 പുരുഷൻ .
87.സമ്പർക്കം- നെൻമണിക്കര - 53 പുരുഷൻ .
88.സമ്പർക്കം- പടിയൂർ - 52 സ്ത്രീ.
89.സമ്പർക്കം- അന്നമനട - 51പുരുഷൻ .
90.സമ്പർക്കം- ആളൂർ -33 പുരുഷൻ .
91.സമ്പർക്കം- പടിയൂർ - 43 സ്ത്രീ.
92.സമ്പർക്കം- വലപ്പാട് - 13 പെൺകുട്ടി..
93.സമ്പർക്കം- വലപ്പാട് - 77 സ്ത്രീ.
94.സമ്പർക്കം- വലപ്പാട് - 46 സ്ത്രീ.
95.സമ്പർക്കം- തൃക്കൂർ - 63 സ്ത്രീ.
96.സമ്പർക്കം- തൃക്കൂർ - 55 സ്ത്രീ.
97.സമ്പർക്കം- വെള്ളാങ്കല്ലൂർ - 45 പുരുഷൻ .
98.സമ്പർക്കം- പാഞ്ഞാൾ - 42 പുരുഷൻ .
99.സമ്പർക്കം- പാഞ്ഞാൾ - 32 പുരുഷൻ .
100. സമ്പർക്കം- വടക്കാഞ്ചേരി - 45 സ്ത്രീ.
101. സമ്പർക്കം- കടങ്ങോട്- 24 സ്ത്രീ.
102. സമ്പർക്കം- കടങ്ങോട്- 45 സ്ത്രീ.
103. സമ്പർക്കം- പാഞ്ഞാൾ - 51 പുരുഷൻ .
104. സമ്പർക്കം- കടങ്ങോട്- 67 സ്ത്രീ.
105. സമ്പർക്കം- കടങ്ങോട്- 36 സ്ത്രീ.
106. സമ്പർക്കം- കടങ്ങോട്- 15 ആൺകുട്ടി.
107. സമ്പർക്കം- കടങ്ങോട്- 17 ആൺകുട്ടി.
108. സമ്പർക്കം- തൃശ്ശൂർ - 58 പുരുഷൻ
109. സമ്പർക്കം- എളവള്ളി - 27 പുരുഷൻ .
110. സമ്പർക്കം- ചാവക്കാട് -51 സ്ത്രീ.
111. സമ്പർക്കം- ചാവക്കാട് - 28 പുരുഷൻ
112. സമ്പർക്കം- കടങ്ങോട്- 61 സ്ത്രീ.
113. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 31 സ്ത്രീ.
114. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 10 ആൺകുട്ടി.
115. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 69 പുരുഷൻ .
116. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 5 ആൺകുട്ടി.
117. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 34 സ്ത്രീ.
118. സമ്പർക്കം- നെട്ടിശ്ശേരി - 48 പുരുഷൻ .
119. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 25 സ്ത്രീ.
120. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 50 പുരുഷൻ .
121. സമ്പർക്കം- തൃശ്ശൂർ - 25 പുരുഷൻ .
122. സമ്പർക്കം- പോരാമംഗലം - 18 ആൺകുട്ടി.
123. സമ്പർക്കം- തൃശ്ശൂർ - 30 പുരുഷൻ .
124. സമ്പർക്കം- വേലൂർ - 36 പുരുഷൻ .

125. സമ്പർക്കം- വടക്കാഞ്ചേരി - 17 ആൺകുട്ടി.
126. സമ്പർക്കം- കാലടി - 28 പുരുഷൻ
127. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 51 പുരുഷൻ .
128. സമ്പർക്കം- തെക്കുംകര - 69 പുരുഷൻ .
129. സമ്പർക്കം- വടക്കാഞ്ചേരി - 32 സ്ത്രീ.
130. സമ്പർക്കം- വടക്കാഞ്ചേരി - 57 പുരുഷൻ .
131. സമ്പർക്കം- വടക്കാഞ്ചേരി - 26 സ്ത്രീ.
132. സമ്പർക്കം- വടക്കാഞ്ചേരി - 54 പുരുഷൻ
133. സമ്പർക്കം- തെക്കുംകര - 48 പുരുഷൻ .
134. സമ്പർക്കം- വടക്കാഞ്ചേരി - 54 പുരുഷൻ
135. സമ്പർക്കം- ഏങ്കകാട്- 44 സ്ത്രീ
136. സമ്പർക്കം- എ.ജി കാവ് - 39 സ്ത്രീ
137. സമ്പർക്കം- വടക്കാഞ്ചേരി - 44 സ്ത്രീ
138. സമ്പർക്കം- വടക്കാഞ്ചേരി - 39 സ്ത്രീ
139. സമ്പർക്കം- വടക്കാഞ്ചേരി - 38 സ്ത്രീ
140. സമ്പർക്കം- വടക്കാഞ്ചേരി - 37 സ്ത്രീ
141. സമ്പർക്കം- വടക്കാഞ്ചേരി - 41 സ്ത്രീ
142. സമ്പർക്കം- തൃശ്ശൂർ - 21 പുരുഷൻ
143. സമ്പർക്കം- മുണ്ടത്തിക്കോട് - 22 സ്ത്രീ
144. സമ്പർക്കം- ഗുരുവായൂർ - 50 പുരുഷൻ
145. ആരോഗ്യപ്രവർത്തക - ഇരിഞ്ഞാലക്കുട - 43 സ്ത്രീ
146. ആരോഗ്യപ്രവർത്തക - മാള - 55 സ്ത്രീ
147. ഇരിങ്ങാലക്കുട ക്ലസ്റ്റർ - വേളൂക്കര - 9 ആൺകുട്ടി.
148. ഇരിങ്ങാലക്കുട ക്ലസ്റ്റർ - വേളൂക്കര - 10 ആൺകുട്ടി.
149. ഇരിങ്ങാലക്കുട ക്ലസ്റ്റർ - വേളൂക്കര - 36 സ്ത്രീ.
150. ഇരിങ്ങാലക്കുട ക്ലസ്റ്റർ - വേളൂക്കര - 45 പുരുഷൻ.
151. ശക്തൻ ക്ലസ്റ്റർ - തൃശ്ശൂർ കോർപ്പറേഷൻ - 6 ആൺകുട്ടി.
152. ശക്തൻ ക്ലസ്റ്റർ - തൃശ്ശൂർ കോർപ്പറേഷൻ - 10 പെൺകുട്ടി.
153. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - പാവറട്ടി - 26 സ്ത്രീ.
154. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 39 സ്ത്രീ.
155. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 40 സ്ത്രീ.
156. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - തളിക്കുളം - 35 സ്ത്രീ.
157. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 44 സ്ത്രീ.
158. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 37 സ്ത്രീ.
159. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 87 സ്ത്രീ.
160. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 20 സ്ത്രീ.
161. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 51 പുരുഷൻ.
162. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 49 സ്ത്രീ.
163. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 23 പുരുഷൻ.
164. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - ഏങ്ങണ്ടിയൂർ - 49 സ്ത്രീ.
165. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 49 സ്ത്രീ.
166. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 39 സ്ത്രീ.
167. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 54 സ്ത്രീ.
168. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 54 സ്ത്രീ.
169. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - മണലൂർ - 48 സ്ത്രീ.
170. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 50 സ്ത്രീ.
171. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - ഏങ്ങണ്ടിയൂർ - 32 പുരുഷൻ .
172. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - ഏങ്ങണ്ടിയൂർ - 2 പെൺകുട്ടി.
173. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 17 പെൺകുട്ടി.

174. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 19 ആൺകുട്ടി.
175. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 37 പുരുഷൻ .
176. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 15 പെൺകുട്ടി.
177. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 24 പുരുഷൻ .
178. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - തളിക്കുളം - 32 സ്ത്രീ.
179. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 60 പുരുഷൻ.
180. വാടനപ്പള്ളി ജനതാ ക്ലസ്റ്റർ - വാടനപ്പള്ളി - 34 പുരുഷൻ.
181. ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 26 പുരുഷൻ.
182. ഉറവിടമറിയാത്ത തൃശ്ശൂർ സ്വദേശി - 26 പുരുഷൻ.
183. ഉറവിടമറിയാത്ത വടക്കാഞ്ചേരി സ്വദേശി - 27 പുരുഷൻ.
184. ഉറവിടമറിയാത്ത എം.ജി. കാവ് സ്വദേശി - 46 പുരുഷൻ.
185. ഉറവിടമറിയാത്ത വടക്കാഞ്ചേരി സ്വദേശി - 6 വയസ്സ് ആൺകുട്ടി
186. ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 32 സ്ത്രീ.
187. ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 44 പുരുഷൻ.
188. ഉറവിടമറിയാത്ത എം.ജി. കാവ് സ്വദേശി - 46 പുരുഷൻ.
189. ഉറവിടമറിയാത്ത തൃശ്ശൂർ സ്വദേശി - 43 പുരുഷൻ.
190. ഉറവിടമറിയാത്ത കടങ്ങോട് സ്വദേശി - 4 ആൺകുട്ടി.
191. ഉറവിടമറിയാത്ത കുന്ദംകുളം സ്വദേശി - 65 പുരുഷൻ.
192. ഉറവിടമറിയാത്ത കാറളം സ്വദേശി - 47 പുരുഷൻ.
193. ഉറവിടമറിയാത്ത തൈക്കാട്ടുശ്ശേരി സ്വദേശി - 30 സ്ത്രീ.
194. ഉറവിടമറിയാത്ത തൈക്കാട്ടുശ്ശേരി സ്വദേശി - 31 പുരുഷൻ.
195. ഉറവിടമറിയാത്ത തൃശ്ശൂർ കേർപ്പറേഷൻ സ്വദേശി - 40പുരുഷൻ.
196. ഉറവിടമറിയാത്ത ദേശമംഗലം - 30 സ്ത്രീ.
197. ഉറവിടമറിയാത്ത തോളൂർ - 44 പുരുഷൻ .
198. ചാലക്കുടി ക്ലസ്റ്റർ- കോടശ്ശേരി - 70 സ്ത്രീ.
199. ചാലക്കുടി ക്ലസ്റ്റർ- പരിയാരം - 53 സ്ത്രീ.
200. ചാലക്കുടി ക്ലസ്റ്റർ- തൃക്കൂർ - 58 സ്ത്രീ.
201. ചാലക്കുടി ക്ലസ്റ്റർ- തൃക്കൂർ - 75 സ്ത്രീ.
202. ചാലക്കുടി ക്ലസ്റ്റർ- തൃക്കൂർ - 56 സ്ത്രീ.
203. ചാലക്കുടി ക്ലസ്റ്റർ- തൃക്കൂർ - 48 പുരുഷൻ.
204. ചാലക്കുടി ക്ലസ്റ്റർ- തൃക്കൂർ - 57 പുരുഷൻ.
205. ചാലക്കുടി ക്ലസ്റ്റർ- മരത്താക്കര - 37 പുരുഷൻ.
206. ചാലക്കുടി ക്ലസ്റ്റർ- മരത്താക്കര - 4 ആൺകുട്ടി.
207. ചാലക്കുടി ക്ലസ്റ്റർ- മേലൂർ - 8 ആൺകുട്ടി.
208. ചാലക്കുടി ക്ലസ്റ്റർ- വരന്തരപ്പിള്ളി - 39 പുരുഷൻ.
209. അംബേദ്കർ ക്ലസ്റ്റർ- വേളൂക്കര - 30 പുരുഷൻ.
210. അമല ക്ലസ്റ്റർ- തൃശ്ശൂർ കോർപ്പറേഷൻ - 62 സ്ത്രീ
211. അമല ക്ലസ്റ്റർ- ചൂണ്ടൽ - 31 സ്ത്രീ
212. അമല ക്ലസ്റ്റർ- വിൽവട്ടം - 27 പുരുഷൻ .
213. അമല ക്ലസ്റ്റർ- പുത്തൻച്ചിറ - 63 പുരുഷൻ .
214. അമല ക്ലസ്റ്റർ- പുത്തൻച്ചിറ - 37 പുരുഷൻ .
215. അമല ക്ലസ്റ്റർ- വരന്തരപ്പിള്ളി - 49 സ്ത്രീ
216. അമല ക്ലസ്റ്റർ- വരന്തരപ്പിള്ളി - 42 പുരുഷൻ .
217. അമല ക്ലസ്റ്റർ- വരന്തരപ്പിള്ളി -32 പുരുഷൻ .
218. അമല ക്ലസ്റ്റർ- ചൂണ്ടൽ - 14 ആൺകുട്ടി.
219. ദയ ക്ലസ്റ്റർ- കോലഴി - 84 സ്ത്രീ.
220. ദയ ക്ലസ്റ്റർ- തൃശ്ശൂർ കോർപ്പറേഷൻ - 44 സ്ത്രീ
221. ദയ ക്ലസ്റ്റർ- തെക്കുംകര - 50 സ്ത്രീ
222. ദയ ക്ലസ്റ്റർ - ആരോഗ്യപ്രവർത്തക - എരുമപ്പെട്ടി - 42 സ്ത്രീ.

223. ദയ ക്ലസ്റ്റർ - ആരോഗ്യപ്രവർത്തക - അവണ്ണൂർ– 43 സ്ത്രീ.

224. സൗദി - തൃക്കൂർ - 27 പുരുഷൻ

225. ദോഹ - വേളൂക്കര - 46 പുരുഷൻ

226. ആന്റമാൻ - പടിയൂർ - 38 സ്ത്രീ.

227. കോയമ്പത്തൂർ - തൃശ്ശൂർ - 35 പുരുഷൻ